ശ്രീ. പി. ജെ. ജോസഫ് : സൗകര്യങ്ങളുള്ള കെട്ടിടങ്ങളുണ്ടായിരിക്കണം. കെട്ടിടവും ലാബ് സൗകര്യങ്ങളുമുള്ള നിലവിലുള്ള പ്ലസ്ടു സ്കൂളുകളിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച ചോദ്യമാണ്. ഞാൻ പക്ഷേ അതു മാറി ചോദിക്കുന്നതിൽ ക്ഷമിക്കണം. ആദിവാസി സമൂഹം ജീവിക്കുന്ന മലബാറിലും വയനാട്ടിലും പാലക്കാട്ടിലും ഇടുക്കിയിലും മാത്രമല്ല തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്ത സ്ഥലമാണ്, ബഹുമാനപ്പെട്ട സഭാ നേതാവിന്റെ കൂടി സ്ഥലമാണ്. അവിടെ ഗവൺമെന്റ് സ്കൂളിൽ പ്ലസ്ടു അനുവദിക്കണമെന്ന് പഞ്ചായത്തിന്റെ ഒരു അഭ്യർത്ഥനയുണ്ട്. മലയോര പ്രദേശവും ആദിവാസി മേഖലയുമാണ് എന്ന പരിഗണന വച്ചുകൊണ്ട് ആ പ്രദേശത്ത് പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അതു പ്രത്യേകം പരിഗണിക്കുന്നതാണ്.

ഉൾനാടൻ മത്സ്യമേഖലയിലെ റോഡ് നിർമ്മാണം.

2(*680) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യ മേഖലയിൽ ഫിഷറീസ് വകുപ്പ് നൽകുന്ന പണം ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന നൂതന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് റോഡ് നിർമ്മിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റോഡു നിർമ്മാണത്തിന്റെ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ ഉൾനാടൻ മേഖലകളിലും, ഉൾനാടൻ ജില്ലയായ കോട്ടയത്തും ഈ പദ്ധതി പ്രകാരം റോഡുകൾ നിർമ്മിച്ചു വരുന്നു. കോട്ടയത്ത് കുമരകം, അയ്മനം, ചെമ്പ്, വെച്ചൂർ എന്നീ സ്ഥലങ്ങളിലെ റോഡുകളുടേയും എറണാകുളത്ത് തങ്കക്കടവ്, സ്റ്റേഷൻ കടവ്, കെടാമംഗലം എന്നീ സ്ഥലങ്ങളിലെ റോഡുകളുടെയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ല

1. അരുകുറ്റി - കാളികുളം ചെങ്കണ്ട റോഡ്

കോട്ടയം ജില്ല

1. മതുങ്കൽ - മറവൻ തുരുത്ത് റോഡ്
2. കൃഷ്ണപിള്ള - പനമ്പുകാട് റോഡ്
3. ചെമ്പ് - മുറിഞ്ഞപുഴ റോഡ്
4. തലയ്ങ്ങാഴം - മൂലക്കരികൊതവറോഡ്

എറണാകുളം ജില്ല

1. കോഴിതുരുത്ത് റോഡ്
2. അരയത്തിക്കടവ് റോഡ്
3. വരാപ്പുഴ - കടമക്കുടി റോഡ്

(ഡി) റോഡ് നിർമ്മാണത്തിന്റെ ചുമതല പൊതുമരാമത്ത് വകുപ്പിനേയും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനേയുമാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ഏത് പദ്ധതിപ്രകാരമാണ് ഫിഷറീസ് വകുപ്പ് ഇത്തരം റോഡുകൾ നിർമ്മിക്കുന്നത് ; ഇതിന് കേന്ദ്ര സഹായം കിട്ടുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക കിട്ടുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് മത്സ്യതൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ റോഡുകൾ നിർമ്മിക്കുന്നത്. റോഡുകളുടെ വികസനത്തിനായി 13 കോടി രൂപയാണ് പത്താം ധനകാര്യ കമ്മീഷൻ അനുവദിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് പണികൾ നടന്ന് വരുന്നത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, തുകയനുസരിച്ച് പ്രവർത്തി നടക്കുന്ന മൂന്ന് ജില്ലകളിലെ റോഡുകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. മറ്റു ജില്ലകളെക്കൂടി ഈ പദ്ധതിയിലുൾപ്പെടുത്തി റോഡുകൾ ഏറ്റെടുത്ത് നടത്താൻ സന്നദ്ധമാണോ ; പ്രത്യേകിച്ച് ഉൾനാടൻ മത്സ്യകൃഷിയും മത്സ്യോൽപ്പാദനവും ധാരാളം നടക്കുന്ന കോഴിക്കോട് ജില്ലപോലുള്ള ജില്ലകളെക്കൂടി പരിഗണിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, കോഴിക്കോടും ഇതിന്റെ അടിസ്ഥാനത്തിലുള്ള റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്. ഉൾനാടൻ പ്രദേശത്തെ കാര്യമാണ് ഇവിടെ ചോദിച്ചത്. എല്ലാ ജില്ലകളിലും പ്രവർത്തനം നടത്താനുള്ള റോഡുകളെ തെരഞ്ഞെടുക്കുകയും ഇതിന്റെ പ്രവർത്തന പണികൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്.

ശ്രീ. എ. കണാരൻ : സർ, പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം തീരപ്രദേശത്തും ഉൾനാടൻ മേഖലകളിലും ഏറ്റെടുത്ത റോഡുകളുടെ പണികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; ഏതെല്ലാം റോഡുകൾ ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, തീരപ്രദേശത്തും ഉൾനാടൻ മേഖലകളിലുമായി 200 റോഡുകളുടെ നിർമ്മാണ ജോലികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി എഗ്രിമെന്റുവച്ച് 1,250 ലക്ഷം രൂപയുടെ പ്രവൃത്തികളാണുള്ളത്. ആ പ്രവർത്തനങ്ങൾ കുറെ പൂർത്തിയായിട്ടുണ്ട്. ബാക്കി പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കണാരൻ : സർ, ഞാൻ ചോദിച്ചത് അതിന്റെ വിശദാംശങ്ങളാണ്. ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം റോഡുകളാണെന്നുള്ളതാണ് ഞാൻ ചോദിച്ചത്. ഈ റോഡുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാൻ കഴിയുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, അത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. 140 റോഡുകൾ എടുത്തതിന്റെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കൈയ്യിലില്ല. എല്ലാ ജില്ലകളിലും ഈ റോഡിന്റെ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ചാണെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. പതിനൊന്നാം ധനകാര്യ കമ്മീഷന് മത്സ്യ മേഖലയിലുള്ള റോഡുകളും അതുപോലുള്ള മറ്റ് വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള ശുപാർശകൾ നൽകിയിട്ടുണ്ടോ ; അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, പതിനൊന്നാം ധനകാര്യ കമ്മീഷൻ മുൻപാകെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 120 കോടി രൂപയുടെ പദ്ധതികളാണ് ഇവിടെ നിന്നും അയച്ചു കൊടുത്തിട്ടുള്ളത്. അതിൽമേൽ എന്ത് തീരുമാനമെടുത്തു എന്ന വിവരം നമ്മളെ അറിയിച്ചിട്ടില്ല.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഫിഷറീസ് മേഖലയിൽ റോഡുകൾ നിർമ്മിച്ചു കഴിഞ്ഞാൽ പിന്നെ ആ റോഡുകൾ കേടാകുന്നമുറയ്ക്ക് പുനർനിർമ്മാണം നടത്താനാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളാണ് എടുക്കുന്നത്. മുഖ്യമായും അതിന്റെ പണി പൂർത്തിയായി കഴിഞ്ഞാൽ അതിന്റെ മെയിന്റനൻസ് വർക്കുകൾ നടത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, എറണാകുളം ജില്ലയിൽ മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് ഞാറയ്ക്കൽ അസംബ്ലി മണ്ഡലം. ഞാറയ്ക്കലിൽ നിന്നും വളരെ ദൂരെയുള്ള കടമക്കുടിവരെ റോഡ് നിർമ്മിച്ചതൊഴിച്ചാൽ മെയിൻ ദ്വീപായ വൈപ്പിൻകരയിൽ എന്തുകൊണ്ട് ഈ സ്കീമിൽപ്പെടുത്തി റോഡ് പണിയാൻ നിർദ്ദേശമുണ്ടായിട്ടും തയ്യാറാകാത്തത് എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, വൈപ്പിൻകരയിൽപ്പെട്ട സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എല്ലാ റോഡുകളും ഏറ്റെടുക്കാനുള്ള പണമില്ലാത്തതുകൊണ്ട് കുറെ റോഡുകൾ ഏറ്റെടുത്ത് റോഡുകൾ പൂർത്തിയാക്കുക എന്നനിലയ്ക്കാണ് എടുത്തിട്ടുള്ളത്. പിന്നീട് സന്ദർഭം വരുമ്പോൾ മറ്റുറോഡുകളും ഏറ്റെടുക്കാൻ കഴിയും.

ശ്രീ. പി. വിശ്വൻ : സർ, കോഴിക്കോട് ജില്ലയിൽ ഉൾനാടൻ മേഖലകളിൽ ഫിഷറീസ് റോഡുകളില്ല. എന്നാൽ തീരദേശത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിരവധി റോഡുകൾക്ക് എസ്റ്റിമേറ്റ് എടുക്കുകയും അത് പ്രവർത്തിയിൽ കൊണ്ടുവരുകയും ചെയ്യുമെന്നും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം റോഡുകൾ സാമ്പത്തികമായ ബാദ്ധ്യതയുള്ളതിനാൽ ഏറ്റെടുക്കാൻ കഴിയില്ലെന്നു പറഞ്ഞുകൊണ്ട് പലതിന്റേയും പണി ആരംഭിച്ചിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എസ്റ്റിമേറ്റ് എടുത്തിട്ടുള്ള റോഡുകളുടെ പണി പൂർത്തിയാക്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, 16 റോഡുകളാണ് കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ളത്. ഞാൻ മുമ്പുപറഞ്ഞ മറുപടിയിൽത്തന്നെ പറഞ്ഞു, എല്ലാ റോഡുകളുടേയും പണികൾ തുടങ്ങുവാനോ പൂർത്തിയാക്കുവാനോ സാധിച്ചിട്ടില്ല. പണത്തിന്റെ ലഭ്യതയുടെ കുറവുതന്നെയാണ് ഇതിന്റെ പ്രധാന കാരണം. പണം കൂടുതൽ കിട്ടുന്ന മുറയ്ക്ക് ക്രമേണ ആ റോഡുകൾകൂടി പണിയാനുള്ള നടപടിയിലേയ്ക്ക് നീങ്ങാൻ കഴിയും.

തീരദേശ വികസന അതോറിറ്റി

3(*681) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly